**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം
നമ്പർ : 209

08.12.2015 - ൽ മറുപടിക്ക്.

## നിർമ്മാണ വ്യവസായ മേഖലയിലെ പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ഗുരുദാസൻ<br>" കെ. രാധാകൃഷ്ണൻ<br>" എം. ചന്ദ്രൻ<br>" കെ.കെ. ജയചന്ദ്രൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) നിർമ്മാണ വ്യവസായ മേഖല സ്തംഭനാവസ്ഥയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് വിലയിരുത്തിയിട്ടുണ്ടോ ; | (എ) : വിലയിരുത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ നിർമ്മാണ മേഖലയുടെ പ്രതിസന്ധിക്ക് പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) : മണലിന്റെയും നിർമ്മാണ സാമഗ്രികളുടെയും സിമന്റിന്റെയും ദൗർലഭ്യവും അമിത വിലയുമാണ് നിർമ്മാണ മേഖലയെയും ഹോളോബ്രിക്സ് ഉൾപ്പെടെയുള്ള ചെറുകിട വ്യവസായങ്ങളെയും പ്രതികൂലമായി ബാധിക്കുന്നത്. ധാതു ഖനനത്തിന് എൻവിയോൺമെന്റൽ ക്ലിയറൻസ് നിർബന്ധമാക്കി ബഹു. സുപ്രീം കോടതിയും ഹൈക്കോടതിയും ഉത്തരവായിരുന്നു. തത്ഫലമായി എൻവിയോൺമെന്റൽ ക്ലിയറൻസ് ഇല്ലാതെ ഖനനാനുമതി നൽകാൻ കഴിയാതെ വന്നത് ഈ മേഖലയിൽ പ്രതിസന്ധിയുണ്ടാക്കിയിരുന്നു. |

(സി) നിർമ്മാണ വ്യവസായ മേഖലയെ (സി) പ്രതിസന്ധിയിൽ നിന്ന് കരകയറ്റുന്നതിന് സർക്കാർ നിലപാടിൽ മാറ്റം വരുത്തേണ്ടതുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ : വിശദമാക്കുമോ ?

മണലിന്റെ ലഭ്യതക്കുറവ് ഒരു പരിധി വരെയെങ്കിലും പരിഹരിക്കുന്നതിനായി സിഡ്കോയുടെ വിപണന വിഭാഗം മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന മണലിന്റെ വിതരണം സുഗമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ ഇരുമ്പ് ഉരുക്ക് ഉല്പന്നങ്ങൾ ശേഖരിച്ച് സിഡ്കോ വിതരണം ചെയ്യുന്നുണ്ട്.

അതാത് ജില്ലകളിലെ വിവിധ ഡാമുകളിൽ നിന്നും സാങ്കേതിക മാനദണ്ഡങ്ങളനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ അനുവദനീയമായ രീതിയിൽ സംഭരിക്കുന്നതിന് പ്രായോഗിക പദ്ധതി തയ്യാറാക്കുന്നതിനും അപ്രകാരം സംഭരിക്കുന്ന മണൽ വിതരണം ചെയ്യുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞു കൂടിയ ചെളിയും മണലും ജലാശയത്തിൽ വച്ചു തന്നെ വേർതിരിച്ച് നീക്കം ചെയ്യാൻ സാങ്കേതിക സംവിധാനമുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും ആഗോള ടെണ്ടർ മുഖാന്തിരം Expression of interest ക്ഷണിച്ച് യോഗ്യരായവരെ കണ്ടെത്തുന്നതിനുള്ള terms of reference-ന് രൂപം നൽകുന്നതിന് വ്യവസായം, ജലവിഭവം, വനം, ഊർജ്ജം, തൊഴിൽ എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കരിങ്കൽ, ഖനന മേഖലയിലെ പ്രശ്ന പരിഹാരത്തിനായും, സിമന്റിന്റെ വില കുറക്കുന്നതിനായും ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.